<u>ഞാൻ ഒരു കഴുത</u>




PhotoCourtesy:https://orthodoxmonasteryicons.com/products/entry-of-christ-to-jerusalem-icon-palm-sunday1

വി.ലൂക്കോസ്.19 :30-31

"നിങ്ങൾക്ക് എതിരേയുള്ള ഒരു ഗ്രാമത്തിൽ ചെല്ലുവിൻ; അതിൽ കടക്കുമ്പോൾ ആരും ഒരിക്കലും കയറീട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണും; അതിനെ അഴിച്ചു കൊണ്ടുവരുവിൻ. അതിനെ

അഴിക്കുന്നത് എന്ത് എന്ന് ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ: കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യം ഉണ്ട് എന്നു പറവിൻ എന്നു പറഞ്ഞു".

നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ള ഒരു സംഭവമാണ് യേശുവിന്റെ യെരുശലേമിലേക്കുള്ള ഘോഷയാത്ര. (മത്താ.21:1-11,മാർക്കോ.11:1-11,ലൂക്കോ.19:28-40,യോഹ.12:12 -19)

ഈ കഥയിൽ, ഒരു കഴുതക്കുട്ടിയെ കണ്ടെത്താൻ യേശു തന്റെ രണ്ട് ശിഷ്യന്മാരെ അയയ്ക്കുന്നു. അവർ കൊണ്ടുവന്ന കഴുതക്കുട്ടിയുടെമേൽ അവരുടെ വസ്ത്രം ഇട്ട് യേശുവിനെ കയറ്റി.
ശേഷം യേശു കഴുതക്കുട്ടിയുടെ മേൽ കയറി യെരുശലേമിലേക്ക് യാത്ര ചെയ്യുമ്പോൾ, ആളുകൾ അവനെ സ്വാഗതം ചെയ്യാൻ തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിക്കുന്നു.
പഴയനിയമം പരിശോധിക്കുമ്പോൾ രാജാക്കന്മാർ യുദ്ധകാലത്തു കുതിരപ്പുറത്തും, സമാധാനകാലത്തു കഴുതപ്പുറത്തും സഞ്ചരിച്ചുവന്നു. കഴുത ഒരു രാജകീയ വാഹനമായിട്ടാണ് കരുതപ്പെട്ടിരുന്നത്.
ന്യായാധിപന്മാർ 5:10-ൽ, ദെബോറയും ബാരാക്കും തങ്ങളുടെ ശത്രുക്കളുടെമേൽ വിജയഗാനം ആലപിക്കുന്നു, "വെള്ളക്കഴുതപ്പുറത്തു കയറുന്നവരെ..."

1 സാമുവേൽ 9:3-ൽ, ശൗൽ തന്റെ അപ്പനായ കീശിന്റെ നഷ്ടപ്പെട്ട കഴുതകളെ തിരയുന്ന സമയത്ത് ശാമുവേൽ പ്രവാചകനെ കണ്ടുമുട്ടുന്നു ആ കൂടിക്കാഴ്ചയിൽ പ്രവാചകൻ ശൗലിനെ ഇസ്രായേലിന്റെ ആദ്യത്തെ രാജാവായി അഭിഷേകം ചെയ്യുന്നു.

2 ശാമുവേൽ 16:1-2-ൽ, "മെഫീബോശെത്തിന്റെ ഭൃത്യനായ സീബ കോപ്പിട്ട രണ്ടു കഴുതയുമായി ഇരുന്നൂറ് അപ്പവും നൂറ് ഉണക്കമുന്തിരിയും നൂറ് അത്തിയടയും ഒരു തുരുത്തി വീഞ്ഞും സഹിതം ദാവീദിന് സമ്മാനമായി നൽകുന്നു".

1. രാജാക്കന്മാർ:1:38-ൽ "സാദോക് പുരോഹിതനും നാഥാൻപ്രവാചകനും യഹോയാദായുടെ മകനായ ബെനയാവും ക്രേത്യരും പ്ലേത്യരും ചെന്ന് ദാവീദുരാജാവിന്റെ കോവർകഴുതപ്പുറത്തു ശലോമോനെ കയറ്റി ഗീഹോനിലേക്ക് കൊണ്ടുപോയി, സാദോക് പുരോഹിതൻ തൃക്കൂടാരത്തിൽനിന്നു തൈലക്കൊമ്പു കൊണ്ടു ചെന്ന് ശലോമോനെ അഭിഷേകം ചെയ്തു".
പുതിയ നിയമത്തിൽ കഴുതക്കുട്ടിയെ കൊണ്ടുവരാൻ യേശു തന്റെ ശിഷ്യന്മാരോട് നിർദ്ദേശിക്കുന്നു, സഖറിയാ 9: 9-ലെ പ്രവചനത്തിന്റെ നിവൃത്തിയായി അദ്ദേഹം യെരൂശലേമിലേക്കു യാത്രപുറപ്പെടുന്നു.

ലൂക്കോസ് 10:34-ൽ, നല്ല സമരിയാക്കാരന്റെ ഉപമയിൽ കവർച്ച ചെയ്യപ്പെടുകയും പാതയോരത്ത് പാതി മരിച്ച നിലയിൽ ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്ന മനുഷ്യനെ സമരിയാക്കാരൻ വന്ന് അവനെ കാണുകയും അനുകമ്പപ്പെടുകയും, അയാൾ ആ മനുഷ്യനെ സ്വന്തം കഴുതപ്പുറത്ത് കയറ്റി പരിപാലിക്കുന്നതിനായി ഒരു സത്രത്തിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നു.

ബൈബിളിലുടനീളം പഴയതും പുതിയതുമായ നിയമങ്ങളിൽ കഴുതകളെ കുറിച്ച് നിരവധി തവണ പരാമർശിച്ചിട്ടുണ്ട്. അതിലെ ചില അവലംബങ്ങൾ (Reference) മാത്രമാണ് ഇവിടെ ചേർത്തിരിക്കുന്നത്.ഈ വേദപുസ്തക വാക്യങ്ങളിൽനിന്നെല്ലാം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത്, കഴുത വിനയത്തിന്റെയും സമാധാനത്തിന്റെയും പ്രതീകമാണ്. വിനയത്തിന്റെയും സഹനത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകനായിട്ടത്രേ യേശു രംഗപ്രവേശനം ചെയ്തത്.

ക്രിസ്തുവിന്റെ അനുയായികൾ,ക്രിസ്ത്യാനികൾ എന്ന നിലയിൽ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ വഹിക്കേണ്ടുന്ന സ്ഥാനത്തെക്കുറിച്ചും, ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ കുറിച്ചും ആഴത്തിൽ ചിന്തിക്കുവാൻ ഹോശന്ന നമ്മെ ഉദ്ബോധിപ്പിക്കുന്നു. യേശു കഴുതപുറത്തേറി ജറുസലേമിൽ പ്രവേശിച്ച കഥ വിനയത്തിന്റെയും സേവനത്തിന്റെയും ശക്തമായ പ്രതീകമാണ്. യെരൂശലേമിലേക്കുള്ള തന്റെ യാത്രയ്ക്കായി യേശു തിരഞ്ഞെടുത്ത വാഹനം, അതായത് യേശു കയറിയ കഴുത, വിനയത്തെയും സേവനത്തെയും പ്രതിനിധീകരിക്കുന്നു.

നാലു സുവിശേഷങ്ങളിലും ഒരുപോലെ രേഖപ്പെടുത്തിയിട്ടുള്ള ഈ സംഭവത്തെ ഒരു രൂപകമായി ഉപയോഗിച്ചുകൊണ്ട്, ഇന്നത്തെ സഭകളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് നമുക്ക് രണ്ട് കഴുതകളെ സങ്കൽപ്പിക്കാൻ കഴിയും. ഒരു കഴുത ക്രിസ്തുവിനെ വഹിക്കുന്ന ഒരു സഭയെ പ്രതിനിധീകരിക്കുന്നു, അതായത് അവർ ക്രിസ്തുവിന്റെ പഠിപ്പിക്കലുകൾ വിശ്വാസത്തോടെ പിന്തുടരുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു എന്നാണ്. മറ്റേ കഴുത ക്രിസ്തുവിനെ വഹിക്കാത്ത ഒരു സഭയെ പ്രതിനിധീകരിക്കുന്നു, അതായത് അവർ അവന്റെ പഠിപ്പിക്കലുകൾ പിന്തുടരുന്നില്ല എന്നർത്ഥം.
ക്രിസ്തുവിനെ വഹിക്കുന്ന കഴുത സ്നേഹത്തിലും അനുകമ്പയിലും മറ്റുള്ളവരോടുള്ള സേവനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു സഭയായിരിക്കും. ദരിദ്രരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും കരുതുന്നതിന് അവർ മുൻഗണന നൽകും, കൂടാതെ നാനാവിധ ആളുകളെയും സ്വാഗതം ചെയ്യുന്നതും ,ഉൾക്കൊള്ളുന്നതുമായ ഒരു സമൂഹം സൃഷ്ടിക്കാൻ അവർ പരിശ്രമിക്കും. ക്രിസ്തുവിന്റെ പാഠങ്ങൾ പഠിക്കാനും പഠിപ്പിക്കാനും അവർ പ്രതിജ്ഞാബദ്ധരായിരിക്കും, കൂടാതെ സഭയ്ക്കുള്ളിൽ ക്രിസ്തീയ ദർശനം വിതറി

ജനങ്ങളെ ആത്മീയമായി വളർത്തി ദൈവവുമായുള്ള ബന്ധം കൂടുതൽ ആഴത്തിലാക്കുന്നു.

ക്രിസ്തുവില്ലാത്ത കഴുത

സ്നേഹവും അനുകമ്പയും പാലിക്കുന്നതിനേക്കാൾ ഭൗതീകവാദങ്ങളിലൂടെ (materialistic) ദർശനം നഷ്ടപ്പെട്ട ഒരു കൂട്ടമായിരിക്കും. സഭയുടെ അടിസ്ഥാനമായ ക്രിസ്തുവിനെ ഉപേക്ഷിച്ചു ബാഹ്യപ്രകടനങ്ങൾക്ക് പ്രാധാന്യം നൽകി നാമമാത്രമായ ക്രിസ്ത്യാനിയായി ജീവിക്കുന്നവരുടെ പ്രതിനിധികളാവനല്ല ക്രിസ്തു നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. യഥാർത്ഥത്തിൽ സഭയെ സ്നേഹിക്കുന്ന ഒരുവൻ/ഒരുവൾ സഭയുടെ അടിസ്ഥാനമായ ക്രിസ്തുവിനെയാണ് സ്നേഹിക്കേണ്ടത്. ക്രിസ്തു തന്നെ സുവിശേഷത്തിലൂടെ പറയുന്നു ,"കർത്താവേ, കർത്താവേ എന്നു പറയുന്നവൻ എവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് (മത്താ.7:21)

ഇന്ന് നാം പ്രതിനിധീകരിക്കുന്ന സഭയും സമൂഹവും ആത്മീയ മൂല്യങ്ങളുടെ പ്രതീകമായ കഴുതയെ ഉപേക്ഷിക്കുകയും പകരം ലൗകികമായ മാനുഷിക ശക്തിയെയും പ്രതാപത്തെയും പ്രതിനിധീകരിക്കുന്ന കുതിരയെ സ്വീകരിക്കുകയും ചെയ്യുന്നില്ലേ?. തന്റെ കഷ്ടപ്പാടുകളെക്കുറിച്ചും കുരിശിലെ മരണത്തെക്കുറിച്ചും കർത്താവ് പറഞ്ഞ സന്ദർഭങ്ങളിൽ, "ഇത് സംഭവിക്കാതിരിക്കട്ടെ" എന്ന് പറഞ്ഞതിന് പകരം "നമുക്കും അവനോടൊപ്പം മരിക്കാൻ പോകാം" എന്ന് പറഞ്ഞ ശിഷ്യന്റെ മാതൃക പിന്തുടരേണ്ടത് അത്യാവശ്യമാണ്. ലൗകിക സിംഹാസനങ്ങൾ സ്ഥാപിക്കാനുള്ള തിരക്കിനിടയിൽ, ക്രിസ്തുവിന്റെ ആത്മീയ സിംഹാസനം പൂർണ്ണമായും അവഗണിക്കപ്പെടുന്നു എന്നത് ദൗർഭാഗ്യകരമാണ്.

ദൈവത്തിന്റെ കൃപയിലേക്കും സ്നേഹത്തിലേക്കും നാം വിധേയപ്പെടുമ്പോൾ, നമ്മുടെ ജീവിതത്തിന്റെ ആഴവും പരപ്പും ലക്ഷ്യവും കണ്ടെത്തുവാൻ കഴിയും.

അങ്ങനെ നാം യേശുവിന്റെ വാഹകരായിത്തീരുന്നു,അപ്രകാരം അവന്റെ സ്നേഹത്തിന്റെയും പ്രത്യാശയുടെയും സന്ദേശം നമ്മുടെ ചുറ്റുമുള്ളവരിലേക്കു എത്തിക്കുവാൻ കഴിയുന്നു. യേശു നൽകുന്ന ഭാരത്തെ നാം വഹിക്കുമ്പോൾ / ഭാരം ഏറ്റെടുക്കുമ്പോൾ, നമ്മുടെ കാഴ്ചപ്പാട് മാറ്റാനും , പുതിയ വെളിച്ചത്തിലൂടെ ലോകത്തെ കാണാനും കഴിയും. അങ്ങനെ നമ്മുടെ ജീവിത പാതകൾ രാജവീഥികളായി പരിണമിക്കുന്നു. പരിവേദനത്തിലൂടെ സഹനം വഹിച്ചുകൊണ്ട് രാജാവിന്റെ വഴിയിൽ വിനയത്തോടും കൃപയോടും കൂടി നടക്കാൻ നമുക്ക് കഴിയും.

തീർച്ചയായും, ആ നടപ്പ് / യാത്ര എപ്പോഴും അത്ര എളുപ്പമുള്ള ഒന്നല്ല. വഴിയിൽ വെല്ലുവിളികളും പ്രതിബന്ധങ്ങളും ഉണ്ടാകും. യേശു നമുക്ക് നൽകിയ, നൽകുന്ന ഭാരങ്ങൾ വഹിക്കാൻ നാം പാടുപെടുന്നതായും

കാണാം. എന്നാൽ ആ നിമിഷങ്ങളിലാണ് കഴുതയുടെ കഥ ഓർക്കാനും അത് പ്രതിനിധീകരിക്കുന്ന എളിമയും വിനയവും ഉൾക്കൊള്ളാനും നാം ശ്രദ്ധിക്കേണ്ടത്.

ആത്യന്തികമായി, കഴുതയുടെ കഥ നമ്മെ പഠിപ്പിക്കുന്നത് യഥാർത്ഥ മഹത്വം അധികാരത്തിലോ സമ്പത്തിലോ അല്ല, മറിച്ച് സേവനത്തിലും വിനയത്തിലുമാണ്. സ്വന്തം ആവശ്യങ്ങളും ആഗ്രഹങ്ങളും മാറ്റിവെച്ച്, യേശു നൽകുന്ന ഭാരങ്ങളെ ഉൾക്കൊള്ളാൻ നാം തയ്യാറാകുമ്പോൾ, യേശു നമുക്കു തരുന്ന ഭാരം നാം സ്വീകരിക്കുമ്പോൾ, നാം അവന്റെ കൃപയുടെയും സ്നേഹത്തിന്റെയും പാത്രമായി മാറുകയും ആത്മവിശ്വാസത്തോടെ നീതിയുടെ പാതയിലൂടെ സഞ്ചരിക്കാൻ നമുക്ക് ശക്തി ലഭിക്കുകയും ചെയ്യുന്നു.

പലപ്പോഴും മറ്റുള്ളവരെ നിന്ദിക്കുവാനും വിലകുറഞ്ഞവരായി കണക്കാക്കുവാനും മനുഷ്യൻ പ്രയോഗിക്കുന്ന ഒരു പദമാണ് 'കഴുത'.എന്നാൽ യേശു ഇവിടെ തൻ്റെ രാജകീയ പ്രവേശനത്തിന് തിരഞ്ഞെടുത്ത വാഹനം കഴുതയാണ്. കഴുത ഒരു വിലകുറഞ്ഞ മൃഗമല്ല മറിച്ചു ഒരു രാജകീയ മൃഗമാണെന്നു മുകളിൽ പരാമര്ശിക്കുകയുണ്ടായി. വി.മത്താ.5:11-ൽ പറയുന്നു "എൻ്റെ നിമിത്തം നിങ്ങളെ പഴിക്കുകയും, ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ".
മനുഷ്യർ നിങ്ങളെ നിന്ദിക്കുമ്പോൾ കർത്താവ് പറയുന്നു," ആ കഴുതയെ കർത്താവിനു ആവശ്യമുണ്ട്".നിന്ദയുടെ പ്രതീകമായ കുരിശിനെ രക്ഷയുടെ പ്രതീകമാക്കി മാറ്റിയ യേശു.വിലകുറഞ്ഞവർ എന്ന നിലയിൽ നിന്നും മാനിക്കുന്നവരായി നമ്മെ ഉയർത്തും.

© copyright
all rights reserved
എ.വർഗ്ഗീസ് പരവേലിൽ